# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി-1)1624/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/12/2024
ഇ-മെയിൽ: datsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി-1)1624/2024 തീയ്യതി: 19/12/2024

# തൃശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2024 | 23-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2024 | 23-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജോഷി സി. ജെ., (ഓഡിറ്റ് ഓഫീസർ)
ഹാരിഷ് വി. എ., (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീജിത്ത് തെക്കുംപാടൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
രഞ്ജിത്ത് പി. ആർ. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ആതിര ദേവരാജൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| പ്രദീപ് പി. ജി. | സെക്രട്ടറി | 01-04-2023 | 20-05-2023 |
| ആശാലത പി. ഡി. | സെക്രട്ടറി | 21-05-2023 | 05-06-2023 |
| പ്രദീപ് പി. ജി. | സെക്രട്ടറി | 06-06-2023 | 03-07-2023 |
| ആശാലത പി. ഡി. | സെക്രട്ടറി | 04-07-2023 | 09-07-2023 |
| ഷോർബി ഇ. ജെ. | സെക്രട്ടറി | 10-07-2023 | 31-03-2024 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആശാലത പി. ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 26-10-2023 |
| പുരുഷോത്തമൻ ടി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2023 | 20-12-2023 |
| ആശാലത പി. ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 21-12-2023 | 31-03-2024 |
| അശ്വതി ജി. പ്രസാദ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സുനിൽകുമാർ പി. എസ്. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. പ്രശാന്ത് എസ്. മാത്യൂ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ചാന്ദ്നി കെ. ബി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 19-08-2023 |
| ഡോ. ജെസ്‌ലിൻ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 20-08-2023 | 23-09-2023 |
| ഡോ. ശ്രീജ കെ. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-09-2023 | 23-11-2023 |
| ഡോ. ജെസ്‌ലിൻ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-11-2023 | 31-03-2024 |
| നിഖിൽ പി. വി. | വി.ഇ.ഒ (വെറ്റിലപ്പാറ സർക്കിൾ) | 01-04-2023 | 10-12-2023 |
| കൃഷ്ണകുമാർ എം. സി. | വി.ഇ.ഒ (വെറ്റിലപ്പാറ സർക്കിൾ) | 11-12-2023 | 08-02-2024 |
| സുനജ് ഹരിഹരൻ | വി.ഇ.ഒ (വെറ്റിലപ്പാറ സർക്കിൾ) | 09-02-2024 | 27-02-2024 |
| രമ്യ എ. സുകുമാരൻ | വി.ഇ.ഒ (വെറ്റിലപ്പാറ സർക്കിൾ) | 28-02-2024 | 31-03-2024 |
| ജിംസി സി. ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| റാഷി പി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 01-04-2023 | 12-07-2023 |
| ഷൈജു ടി. വി. | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 13-07-2023 | 14-09-2023 |
| അനന്തൻ പി. വി. | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 15-09-2023 | 31-03-2024 |
| ആൽവിൻ പി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഉണ്ണികൃഷ്ണൻ എം. സി. | വി.ഇ.ഒ (മലക്കപ്പാറ സർക്കിൾ) | 01-04-2023 | 10-07-2023 |
| ജയശ്രീ പി. കെ. | വി.ഇ.ഒ (മലക്കപ്പാറ സർക്കിൾ) | 11-07-2023 | 16-10-2023 |
| കൃഷ്ണകുമാർ എം. സി. | വി.ഇ.ഒ (മലക്കപ്പാറ സർക്കിൾ) | 17-10-2023 | 31-03-2024 |

| | | | |
|---|---|---|---|
| സതി എം. കെ. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, വെറ്റിലപ്പാറ) | 01-04-2023 | 31-05-2023 |
| വിൻസി പി. എ. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, വെറ്റിലപ്പാറ) | 01-06-2023 | 05-06-2023 |
| സുധ വി. വി. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, വെറ്റിലപ്പാറ) | 06-06-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തന്വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-3 |
| 5 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-4 |
| 6 | വസ്തുനികുതി മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-7 |
| 9 | കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | പ്രത്യേക ഉദ്ദേശ്യ ഫണ്ട്/ഗ്രാന്റിനത്തിൽ ചെലവഴിക്കുന്ന തുകകൾ-ബാധ്യത ശീർഷകങ്ങളിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 1-1-9 |
| 11 | ഒരേ ബാങ്ക് അക്കൗണ്ട് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ലൈഫ് മിഷൻ വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമപെൻഷനുകൾ | 1-6 |
| 19 | ക്യാഷ് പരിശോധന | 1-7 |
| 20 | അഭ്യന്തര നിയന്ത്രണം | 1-8 |
| 21 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-9 |
| 22 | ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ ഷോളയാർ ഗിരിജൻ സൊസൈറ്റി വക ഭൂമി സംബന്ധിച്ച രേഖകൾ നാളിതുവരെയും ലഭ്യമായിട്ടില്ല | 1-10 |
| 23 | പൂർത്തിയാക്കിയതായി ഇന്റിമേഷൻ നൽകിയ മൊബൈൽ ടവറിന് നാളിതുവരെയും നമ്പർ അനുവദിച്ച് നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 24 | അനധികൃതനിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 25 | വിനോദനികുതി ഈടാക്കിയില്ല | 1-13 |
| 26 | വസ്തുനികുതി തെറ്റായി ഈടാക്കി | 1-14 |
| 27 | അനധികൃതമായി നിർമ്മിച്ച വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 28 | കാർഷികാവശ്യത്തിനും വീട് പണിതു താമസിക്കുന്നതിനുമായി പതിച്ചു കൊടുത്ത പട്ടയഭൂമിയിൽ റിസോർട്ട് കെട്ടിടം പ്രവർത്തിക്കുന്നു | 1-16 |
| 29 | വസ്തുനികുതി പരിഷ്കരണം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 30 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുടുംബാരോഗ്യകേന്ദ്രത്തിൽ ജീവനക്കാരെ നിയമിച്ചു | 1-18 |
| 31 | ലാപ്ടോപ്പുകൾ ലഭ്യമായില്ല | 1-19 |
| 32 | ലൈഫ് മിഷൻ വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു | 1-20 |
| 33 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി)- തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-21 |
| 34 | വീട് വാസയോഗ്യമാക്കൽ പദ്ധതി - തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-22 |
| 35 | ഫണ്ട് വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 36 | അടങ്കൽ തുകയെക്കാൾ അധികം ചെലവഴിച്ചു | 1-24 |
| 37 | വാഹനം വാടകയ്ക്കെടുത്തത്-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-25 |
| 38 | ജാതി തൈകൾ (ബഡ്) വാങ്ങിയതിലെ അപാകതകൾ | 1-26 |
| 39 | 2023-24 സാമ്പത്തിക വർഷം റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചില്ല | 1-27 |
| 40 | മരാമത്ത് പണി - കരാറുകാരന് ജി എസ് ടി നൽകിയതിലെ അപാകത | 1-28 |
| 41 | ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി. | 1-29 |
| 42 | എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് - ലഭ്യമാക്കിയിട്ടില്ല - 1,25,000 രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ - അവലോകനം | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പോലിസി നിർദ്ദേശങ്ങളും അനുസരിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.06.2024ലെ ലെ 3/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :19.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

## 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,27,82,454 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)31,01,99,736 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-4 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01.04.2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 വർഷത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 71 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24 ലെ " 110100101 - Property Tax On Residential Building" എന്ന ശീർഷകത്തിലേയും "110100102 -Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് പ്രതിമാസം നടത്തുന്നതിന് പകരം ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു (വൗച്ചറുകൾ യഥാക്രമം 42301377/31.03.2024, 42301378/31.03.2024). ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-5 വസ്തുനികുതി മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

42301382/31.03.2024 എന്ന ജേണൽ വൗച്ചർ പ്രകാരം വസ്തുനികുതി-റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി ജേണൽ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ഇടപാട് വിശദീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Code | Head | Dr. | Cr. |
|---|---|---|---|
| 350410101 | Advance Collection Of Revenues-Property Tax On Residential Buildings | | 4331 |
| 350410104 | Advance Collection Of Revenues-Property Tax On Non-Residential Buildings | | 4330 |

| | | | |
|---|---|---|---|
| 431910101 | State Govt.Cesses/Levies In Property Taxes-Control Account | 8661 | |

മേൽ ജേണൽ എൻട്രി മുഖേന അഡ്വാൻസ് ഇനങ്ങൾ വർദ്ധിപ്പിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിന്റെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200104-Development Fund-Central Finance Commission Grant-Basic Tax | 97,67,944 | Canara Bank PFMS (1703101011805) | 2,30,21,968 |
| 320200113-Development Fund-Central Finance Commission Grant-Tied Fund | 1,21,44,209 | | |
| ആകെ | 2,19,12,153 | | |

## 1-1-7 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6,17,62,495 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-8 കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431100102 Receivables For Property Tax On Residential Buildings (Arrears) എന്ന ശീർഷകത്തിൽ 3,429 രൂപയും 431100104 Receivables For Property Tax On Non-Residential Buildings (Arrears) എന്ന ശീർഷകത്തിൽ 2,93,689 രൂപയും ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ടി ഡിമാന്റ് തുകകൾ ഏതെല്ലാം വർഷത്തേതാണെന്ന് വ്യക്തമല്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയ്ക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 പ്രത്യേക ഉദ്ദേശ്യ ഫണ്ട്/ഗ്രാന്റിനത്തിൽ ചെലവഴിക്കുന്ന തുകകൾ-ബാധ്യത ശീർഷകങ്ങളിൽ നിന്നും കുറവ് ചെയ്തിട്ടില്ല

ബാലൻസ് ഷീറ്റിലെ ബാധ്യതാ ഭാഗത്തെ ബി-4 പട്ടികയിൽ ഉൾപ്പെടുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ട് ഗ്രാന്റിനത്തിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുകകളുടെ വിഭാഗത്തിലുൾപ്പെടുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം (ICDP- കോഡ്-320100196), ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ (കോഡ്-320800101) എന്നീ ശീർഷകങ്ങളിലുള്ള ലെഡ്ജറുകൾ പരിശോധിച്ചതിൽ 2023-24 വർഷത്തെ ഇടപാടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം (320100196) | 747656 | 765401 | 1513057 | 0 | 1513057 |
| ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | 66906 | 746800 | 813706 | 0 | 813706 |

(320600101)

എന്നാൽ സുലേഖ ചെലവ് പത്രിക, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ ഐ.സി.ഡി.പി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും അംഗൻവാടി പോഷകാഹാരം (3824) എന്ന പ്രോജക്റ്റിന്റെ ഭാഗമായി 10,973 രൂപയും ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 7,46,800 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുകൾ ജേണൽ വൗച്ചർ വഴി മേൽ സൂചിപ്പിച്ച ബാധ്യത ശീർഷകങ്ങളിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

### 1-1-10 ഒരേ ബാങ്ക് അക്കൗണ്ട് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിരിക്കുന്നു

താഴെ കൊടുത്തിരിക്കുന്ന പ്രകാരം 31.03.2024-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17-ൽ ഒരേ ബാങ്ക് അക്കൗണ്ട് 2 പ്രാവശ്യം രണ്ടു വ്യത്യസ്ത തുകകളായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2024-ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | കാനറ ബാങ്ക് | 1703201001026 | 594495 |
| 2 | കാനറ ബാങ്ക് | 1026 | 595615 |

യഥാർത്ഥത്തിലുള്ള അക്കൗണ്ട് ക്രമ നമ്പർ 1 പ്രകാരമുള്ളതാണ്. ക്രമ നമ്പർ 2 പ്രകാരമുള്ള അക്കൗണ്ട് 1-ന്റെ ഡ്യൂപ്ലിക്കേറ്റ് എൻട്രിയാണെന്നു കാണുന്നു. ആയതിനാൽ കാഷ് & ബാങ്ക് നീക്കിയിരിപ്പിൽ 5,95,615 രൂപ അധികമായി ഉൾപ്പെടുന്നു.

### 1-1-11 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-12 ലൈഫ് മിഷൻ വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു

31.03.2023ലെ ബാലൻസ് ഷീറ്റ് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ ബാധ്യത ഇല്ലാത്തതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷം വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിച്ചപ്പോൾ വികസനഫണ്ട് (എസ്.സി.പി) അലോട്ട്മെന്റിൽ നിന്നും 97648 രൂപയും വികസനഫണ്ട് (ടി.എസ്.പി) അലോട്ട്മെന്റിൽ നിന്നും 83698 രൂപയും കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തുക തിരിച്ചടവിലേയ്ക്ക് സർക്കാർ കുറവ് ചെയ്തിട്ടുണ്ട്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 14.03.2023 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 225245449 | 222707495 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തീയതി<br>കമ്മിറ്റി തീരുമാനം | 16.01.2024, 6/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 201103739 | 197698500 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക* |
|---|---|---|---|---|---|
| 1. വികസന ഫണ്ട്-ജനറൽ | 0 | 49592912 | 49592912 | 29915718 | 19677194* |
| 2. വികസന ഫണ്ട്-എസ്.സി.പി | 0 | 6308088 | 6308088 | 3844736 | 2463352* |
| 3. വികസന ഫണ്ട്-ടി.എസ്.പി | 0 | 4529000 | 4529000 | 934716 | 3594284* |

| | | | | | |
|---|---|---|---|---|---|
| 4. മെയിന്റനൻസ്-റോഡ് | 0 | 4326000 | 4326000 | 0 | 4326000* |
| 5. മെയിന്റനൻസ് -നോൺ-റോഡ് | 0 | 3303400 | 3303400 | 3270391 | 33009* |
| 6. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 10732901 | 6183000 | 16915901 | 4771692 | 12144209 |
| 7. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 4080502 | 8741969 | 12822471 | 3054527 | 9767944 |
| 8. ദുരിതാശ്വാസനിധി | 41579 | 296 | 41875 | 36531 | 5344 |
| 9. Ayushmission Fund | 450000 | 0 | 450000 | 0 | 450000 |
| 10. ICPS | 22000 | 0 | 22000 | 0 | 22000 |
| 11. ICDS | 747656 | 765401 | 1513057 | 0 | 1513057 |
| 12. SUCHITWA MISSION | 1135860 | 0 | 1135860 | 0 | 1135860 |
| 13. HEALTH GRANT-DIAGNOSTIC INFRASTRUCURE TO THE PHC | 188537 | 594931 | 783468 | 242768 | 540700 |
| 14. HEALTH GRANT-BUILDINGLESS SUBCENTRES | 0 | 5611000 | 5611000 | 0 | 5611000 |
| 15. HEALTH GRANT-HEALTH AND WELLNESS CENTRES | 196675 | 273639 | 470314 | 189622 | 280692 |
| 16. TOURISM FUND-320200399 | 420103 | 0 | 420103 | 0 | 420103 |
| 17. JALANIDHI | 2588511 | 17214 | 2605725 | 1805729 | 799996 |
| 18. TOTAL SANITAION | 384120 | 0 | 384120 | 0 | 384120 |
| 19. OTHER GOVT AGENCIES FUND-320300199 | 4940844 | 5909 | 4946753 | 0 | 4946753 |
| 20. DONATIONS RELATED TO PANDEMIC/EPIDEMIC CONTROL | 0 | 29996 | 29996 | 0 | 29996 |
| 21. BLOCK PANCHAYAT CONTRIBUTIONS-320700204 | 100085 | 0 | 100085 | 0 | 100085 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി, വികസന ഫണ്ട്-ടി.എസ്.പി, എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം (ICDP) എന്നിവയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഫണ്ടുകളുടെ കണക്കുകളിലെ അപാകതകൾ പ്രത്യേകം ഖണ്ഡികയായി ചേർത്തിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി | നടപ്പാക്കിയ പ്രോജക്ടുകളുടെ | അംഗീകാരം ലഭിച്ചത് (എണ്ണം) |
|---|---|---|---|---|---|---|

| | അടങ്കൽ തുക | | തുക | തുകയുടെ ശതമാനം | എണ്ണത്തിന്റെ ശതമാനം | |
|---|---|---|---|---|---|---|
| 210 | 144496492 | 133 | 48452315 | 33.58 | 63.33 | 210 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5201 | 1467366 | 1472567 | 1446058 | 26509 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39505049 | 39505049 | 39505049 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 312357 | 312357 | 312357 | 0 |
| ആകെ | 5201 | 41284772 | 41289973 | 41263464 | 26509 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 633200 | 51 |
| വിധവാ പെൻഷൻ | 5562100 | 511 |
| വാർദ്ധക്യകാല പെൻഷൻ | 7395500 | 759 |
| വികലാംഗപെൻഷൻ | 985000 | 87 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 144000 | 11 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2024 തീയതിയിൽ 4.15 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 751 രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-8 അഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 2023-24 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലും മറ്റുമായി വിവിധ രീതിയിൽ പരസ്യങ്ങൾ നൽകി, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന റിസോർട്ടുകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ല.

1. സ്റ്റെർലിംഗ് റിസോർട്ട് (*Www.Sterlingholidays.Com/Resorts-Hotels/Athirappilly()*)
2. ശ്രീജ മിസ്റ്റ് റിസോർട്ട് (*Www.Sreejamistio.Com*)
3. ബെഥാനിയ റിസോർട്ട് (*Www.Bethaniaresorts.Com*)
4. അതിരപ്പിള്ളി ക്ലൈറിന്റ് റിസോർട്ട് (*Www.Cliriadresort.Com*)
5. റിവറോക്ക് വില്ലാസ് (*Www.Oluing.Com/Product/Riverok-Resorts()*)
6. പ്ലാന്റേഷൻ വാലി റിസോർട്ട് (*Www.Plantationvalley.Com*)
7. പാം വില്ല (*Www.B3b91.Com/Web/Palmvilla*)

പ്രസ്തുത സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/22.11.2024) മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മേൽസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ ഷോളയാർ ഗിരിജൻ സൊസൈറ്റി വക ഭൂമി സംബന്ധിച്ച രേഖകൾ നാളിതുവരെയും ലഭ്യമായിട്ടില്ല

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറയിലുള്ള ഗിരിജൻ വെൽഫെയർ സൊസൈറ്റി ഭൂമിയിൽ നിന്നും 2.27¼ ഏക്കർ ഗ്രാമപഞ്ചായത്തിന് മുൻകൂറായി അനുവദിച്ചു കൈമാറിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്ക്, 22.10.2016-ലെ ജി.ഒ(ആർ.ടി)4422/2016/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം ലഭിച്ചിട്ടുള്ളതാണ്. ടി ഭൂമിയുടെ മാർക്കറ്റ് വിലയായ 68,97,511 രൂപ സർക്കാരിലേക്ക് അടവാക്കുവാൻ നിർദ്ദേശം നൽകുകയും പ്രോജക്ട് നമ്പർ 180/17 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് തുക 68,97,511 രൂപ സർക്കാരിലേക്ക് 08.03.2017 തീയതിയിൽ അടവാക്കിയിട്ടുള്ളതുമാണ്. ഡി.ടി.പി.സി തൃശ്ശൂർ നടപ്പാക്കുന്ന ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് മലക്കപ്പാറ എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രസ്തുത 2.27¼ ഏക്കർ ഭൂമിയിൽ നിന്നും ഒരേക്കർ സ്ഥലം അനുവദിക്കുന്നതിനും ആയതിന്റെ ഭാഗമായി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ് (ഭരണസമിതി തീരുമാനം 8(1)/20.12.2018). ടൂറിസം വികസനപ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ച് പഞ്ചായത്ത് അംഗീകരിച്ച ശേഷം മാത്രം വസ്തുകൈമാറുന്നതിനും അതിനായി ടൂറിസം പ്രതിനിധികളുമായി യോഗം വിളിച്ചു ചേർക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് (ഭരണസമിതി തീരുമാനം 21(1)/11.02.2020). ഡി.ടി.പി.സി തൃശ്ശൂരിന്റെ 23.05.2022-ലെ കത്ത് പ്രകാരം, പ്രസ്തുത ഭൂമിയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ നിർമ്മിക്കുന്നതിനായി ഡി.ടി.പി.സി. മുഖാന്തിരം പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിൽ സമർപ്പിച്ച പദ്ധതിക്കായി 98,49,000 രൂപയുടെ ഭരണാനുമതി 27.03.2018-ൽ ലഭിച്ചിരുന്നതിന്റെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കണമെന്നും അതിനായി ലാൻഡ് അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, പദ്ധതി നടത്തിപ്പിനാവശ്യമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുവാനും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുണ്ടെങ്കിൽ ഭൂമിയുടെ ആധാരം, കരം അടച്ച സർട്ടിഫിക്കറ്റ് മറ്റ് അനുബന്ധരേഖകൾ എന്നിവയും ഡി.ടി.പി.സി തൃശ്ശൂർ നടപ്പാക്കുന്ന ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് മലക്കപ്പാറ എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയും ടി ഭൂമി നിലവിൽ ഏതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/22.11.2024), മറുപടി ലഭ്യമാക്കിയില്ല.

2017-ൽ ഭൂമി എന്താവശ്യത്തിനാണ് വാങ്ങിയിട്ടുള്ളത് എന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല. ഡി.ടി.പി.സി തൃശ്ശൂർ നടപ്പാക്കുവുദ്ദേശിച്ചിരുന്ന ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് മലക്കപ്പാറ എന്ന പദ്ധതി ഒരു ഏക്കർ ഭൂമിയിൽ നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മാത്രമല്ല, ഈ പദ്ധതി നിലവിലുണ്ടോ എന്നത് സംബന്ധിച്ച വിവരവും ഫയലിൽ ലഭ്യമല്ല. 2.27¼ ഏക്കർ ഭൂമിയിൽ ബാക്കി ഭൂമി ഏതു രീതിയിൽ ഉപയോഗിക്കണമെന്നുള്ള യാതൊരു വിവരവും ലഭ്യമല്ല. 68.97 ലക്ഷം രൂപ വിലകൊടുത്തു വാങ്ങിയ ഭൂമി 7 വർഷത്തിനു ശേഷവും പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ല. അതിനാൽതന്നെ ടി ഭൂമി ഒരുതരത്തിലും ഉപയോഗിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുമില്ല. പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും ഭൂമിയുടെ കൈവശാവകാശ രേഖകൾ ലഭ്യമാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാവുന്ന രീതിയിൽ ഭൂമി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 പൂർത്തിയാക്കിയതായി ഇന്റിമേഷൻ നൽകിയ മൊബൈൽ ടവറിന് നാളിതുവരെയും നമ്പർ അനുവദിച്ച് നികുതി ഈടാക്കിയിട്ടില്ല

5G നെറ്റ്വർക്ക് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, 19.01.2023-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട്. (19.01.2023-ലെ ഗസറ്റ് വിജ്ഞാപനം SRO No.101/23). മേൽചട്ട ഭേദഗതി പ്രകാരം മൊബൈൽ ടവറുകളുടെ നിർമ്മാണത്തിന് നിശ്ചിത മാതൃകയിലുള്ള (അനുബന്ധം A5)

ഇന്റിമേഷനൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ പഞ്ചായത്തിൽ സമർപ്പിക്കുകയും ചട്ടപ്രകാരമുള്ള ഫീസ് അടവാക്കുകയും ചെയ്താൽ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്തീകരിച്ച ശേഷമുള്ള കംപ്ലീഷൻ റിപ്പോർട്ട് നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സമർപ്പിച്ച ഇന്റിമേഷനോടൊപ്പം സമർപ്പിക്കേണ്ടതും സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിക്കേണ്ടതുമാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2023-24 സാമ്പത്തികവർഷം താഴെ കൊടുത്തിരിക്കും പ്രകാരം മൊബൈൽ ടവർ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ഇന്റിമേഷൻ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷ നമ്പർ/ തീയതി | സർവ്വെ നമ്പർ | വിസ്തീർണ്ണം | വാർഡ് | അപേക്ഷകൻ |
|---|---|---|---|---|---|
| 1 | 4041/23 തീയതി 10.07.2023 | 1340/PT-1, അതിരപ്പിള്ളി വില്ലേജ് | Tower- 17.30 ച.മീ BTS- 2.43 ച.മീ | 3 | Summit Digital Infrastructure Pvt. Ltd. |

3-ാം വാർഡിലെ പ്രസ്തുത മൊബൈൽ ടവറിന്റെ നിർമ്മാണം പൂർത്തിയായി കംപ്ലീഷൻ റിപ്പോർട്ട് പഞ്ചായത്തിൽ 01.03.2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. വസ്തുനികുതി ഡാറ്റാബേസ് ആയ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ടി മൊബൈൽ ടവറിന് നമ്പർ അനുവദിച്ചിട്ടില്ല. 3-ാം വാർഡിലെ പ്രസ്തുത മൊബൈൽ ടവറിന് നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/22.11.2024) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് പരിശോധന നടത്തി മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതും മൊബൈൽ ടവർ നിർമ്മാണം പൂർത്തിയാക്കിയ കാലം മുതൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 അനധികൃതനിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ അതിരപ്പിള്ളി വില്ലേജിൽ 7-ാം വാർഡിൽ സർവ്വേ നമ്പർ 1675/7 ൽ ഉൾപ്പെട്ട 22.06 ആർ ഭൂമിയിൽ രണ്ട് ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിങ്ങനെ നിർമ്മാണം പൂർത്തിയാക്കിയ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടത്തിന്റെ 953.25 ച.മീ വിസ്തീർണ്ണം വരുന്ന ഭാഗം 7,27,425 രൂപ ക്രമവൽക്കരണ ഫീസ് അടവാക്കി നിബന്ധനകളോടെ ക്രമവൽക്കരിച്ചു നൽകുന്നതിന് തൃശ്ശൂർ ജില്ലാ ടൗൺപ്ലാനറുടെ 26.07.2021 തീയതിയിലെ TCPTSR/278/2021-C1 ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.10.2021-ൽ 4 കെട്ടിട നമ്പറുകൾ അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിവരണം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 7/189 A | ബേസ്മെന്റ് ഫ്ലോർ-1 | 223.89 |
| 7/189 B | ബേസ്മെന്റ് ഫ്ലോർ-2 | 227.40 |
| 7/189 C | ഗ്രൗണ്ട് ഫ്ലോർ | 301.68 |
| 7/189 D | ഫസ്റ്റ് ഫ്ലോർ | 261.52 |
| | ആകെ | 1014.49 |

ജില്ലാ ടൗൺ പ്ലാനറുടെ മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി ചേർത്തിരിക്കുന്ന നിബന്ധന പ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച ശേഷം ടി കെട്ടിടത്തിൽ പിന്നീട് ക്രമവൽക്കരിക്കാവുന്ന രീതിയിൽ മറ്റു യാതൊരു നിർമ്മാണവും നടത്തുന്നില്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. പഞ്ചായത്ത് ഹെഡ് ക്ലാർക്ക് നടത്തിയ പരിശോധനയിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി സെക്ഷൻ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവർ 24.11.2023 തീയതിയിൽ സ്ഥലപരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റഗുലറൈസേഷൻ/കംപ്ലീഷൻ പ്ലാനിൽ നിന്നും അധികരിച്ചുകൊണ്ട് ബേസ്മെന്റ് ഫ്ലോർ-1, ബേസ്മെന്റ് ഫ്ലോർ-2, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവയിൽ അധിക നിർമ്മാണം നടത്തിട്ടുണ്ട്. RCC Framed Structure ആയി നിർമ്മിച്ച കെട്ടിടത്തിനോട് ചേർന്ന് Steel Structural Members വെച്ച് അധികനിർമ്മാണം നടത്തിയിട്ടുണ്ട്.

2. റഗുലറൈസേഷൻ/കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടാത്ത സ്വിമ്മിംഗ് പൂൾ 70 ച.മീ വിസ്തീർണ്ണത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ അതിനുതാഴെ ഇതേ വിസ്തൃതിയിൽ Column Framed Room നൽകിയിട്ടുണ്ട്.

3. ഗ്രൗണ്ട് ഫ്ലോറിൽ ഓപ്പൺ ഏരിയ ആയി നൽകിയിരുന്ന ഭാഗം കവർ ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

4. ടെറസ്സ് ഫ്ലോർ പൂർണ്ണമായും ഷീറ്റ് റൂഫിംഗ് ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

5. റഗുലറൈസേഷൻ കംപ്ലീഷൻ പ്ലാനിൽ നൽകിയിട്ടുള്ള പാർക്കിംഗ് ഏരിയയിൽ ആണ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്.

6. കിഴക്ക് ഭാഗത്തുള്ള പഞ്ചായത്ത് ഫുട്ട്പാത്തിനോട് ചേർന്ന് ചട്ടവിരുദ്ധമായി പുതിയതായി മഴവെള്ള സംഭരണി നിർമ്മിച്ചിട്ടുണ്ട്.

അനധികൃതനിർമ്മാണത്തിനെതിരെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 W പ്രകാരമുള്ള നോട്ടീസ് കെട്ടിട ഉടമക്ക് നൽകിയിട്ടുണ്ട്. 7/189 A, 7/189 B, 7/189 C, 7/189 D എന്നീ കെട്ടിടങ്ങളിൽ 19.06.2023 മുതൽ 31.03.2026 വരെ ഫ്ലോറ മിസ്റ്റി ഫാൾസ് റിസോർട്ട്സ് & റസ്റ്റോറന്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട് (നമ്പർ-400749/RPTL19/GPO/2023/3480, തീയതി 19.06.2023).

അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച ശേഷം ടി കെട്ടിടത്തിൽ പിന്നീട് ക്രമവൽക്കരിക്കാവുന്ന രീതിയിൽ മറ്റു യാതൊരു നിർമ്മാണവും നടത്താൻ പാടില്ല എന്ന് ജില്ലാടൗൺ പ്ലാനർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ കെട്ടിടം നിലവിൽ ക്രമവൽക്കരിക്കുവാൻ സാധ്യമല്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനധികൃതമായി പണിത ടി കെട്ടിടത്തിന് അനധികൃത നമ്പർ അനുവദിച്ച് (സ്വിമ്മിംഗ് പൂൾ ഉൾപ്പടെ) വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനും നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/22.11.2024), മറുപടി ലഭ്യമാക്കിയില്ല.

അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച ശേഷം ടി കെട്ടിടത്തിൽ പിന്നീട് ക്രമവൽക്കരിക്കാവുന്ന രീതിയിൽ മറ്റു യാതൊരു നിർമ്മാണവും നടത്താൻ പാടില്ല എന്ന് ജില്ലാടൗൺ പ്ലാനറുടെ കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ ക്രമവൽക്കരിച്ചു നൽകിയ കെട്ടിടത്തിൽ വീണ്ടും തുടർച്ചയായി അനധികൃത നിർമ്മാണങ്ങൾ നടത്തുന്നതിനെതിരെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 W, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2019, ചട്ടം 90 എന്നിവ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതും അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗങ്ങൾ പൊളിച്ചു നീക്കുന്നതു വരെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം കെട്ടിടത്തിന് അനധികൃത നമ്പർ അനുവദിച്ച് നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1.13 വിനോദനികുതി ഈടാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദനികുതി, ചരക്കു സേവനനികുതി നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂലൈ 1 മുതൽ ഒഴിവാക്കിക്കൊണ്ട് 24.06.2017-ലെ സ.ഉ(കൈ)123/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 31.01.2024 തീയതിയിലെ സ.ഉ(കൈ)നം.17/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മേൽ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതും തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ടതായ വിനോദനികുതി നിരക്ക് ടി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതുമാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിനോദം | വിനോദനികുതി നിരക്ക് |
|---|---|---|
| 1 | 1) സിനിമ പ്രദർശനം-100 രൂപയോ അതിൽ കുറവോ ഉള്ള ടിക്കറ്റുകൾക്ക്*<br>2) സിനിമ പ്രദർശനം-100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക്* | 5%<br>8.5% |
| 2 | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് |

| | | |
|---|---|---|
| | എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 3B-യിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് | എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 3B-യിൽ പ്രതിപാദിക്കുന്ന നിരക്ക് |
| 3 | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 6A-യിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 6A-യിൽ പ്രതിപാദിക്കുന്ന നിരക്ക് |
| 4 | മറ്റുള്ളവ | ഓരോ ടിക്കറ്റിന്റെയും Payment For Admission – ന്റെ 10% |

* 100 രൂപയിൽ കുറവുള്ള സിനിമാ ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും 01.09.2019 തീയതി മുതൽ ഈടാക്കുന്നതിന് 31.08.2019-ലെ സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്.

വിനോദനികുതി ചോർച്ച തടയുന്നതിനായി സിനിമാ തീയേറ്ററുകളിലും വിനോദ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളിലും പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പ്രതിമാസം 500 രൂപ അലവൻസായി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്.

കേരളത്തിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സിൽവർ സ്റ്റോം അമ്യൂസ്മെന്റ് പാർക്ക്, സ്നോ സ്റ്റോം അമ്യൂസ്മെന്റ് പാർക്ക്, അതിരപ്പിള്ളി, വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾ, തുമ്പൂർമുഴി ബട്ടർഫ്ലൈ പാർക്ക് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. ഇതിൽ സിൽവർ സ്റ്റോം അമ്യൂസ്മെന്റ് പാർക്ക്, സ്നോ സ്റ്റോം അമ്യൂസ്മെന്റ് പാർക്ക് എന്നിവ 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 3B-യിൽ പ്രതിപാദിക്കുന്ന വിനോദങ്ങളുടെ ഗണത്തിൽ പെടുന്നവയും (മേൽ പട്ടികയിലെ ക്രമ നമ്പർ 2) അതിരപ്പിള്ളി, വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾ, തുമ്പൂർമുഴി ബട്ടർഫ്ലൈ പാർക്ക് എന്നിവ മേൽപട്ടികയിലെ ക്രമ നമ്പർ 4-ൽ ഉൾപ്പെടുന്നതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. ടി സ്ഥാപനങ്ങളിൽ നിന്നും 31.01.2024 മുതലുള്ള വിനോദ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, വിനോദ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളിലും പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, ടി ഉദ്യോഗസ്ഥർക്ക് പ്രതിമാസം 500 രൂപ അലവൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/22.11.2024) മറുപടി ലഭ്യമാക്കിയില്ല.

അതിരപ്പിള്ളി, വാഴച്ചാൽ വെള്ളച്ചാട്ടങ്ങളും പ്രസിദ്ധമായ സിൽവർസ്റ്റോം, സ്നോ സ്റ്റോം എന്നീ അമ്യൂസ്മെന്റ് പാർക്കുകളും സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ തനതുവരുമാനം വളരെ കുറവായതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിനോദ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വസ്തുനികുതി തെറ്റായി ഈടാക്കി

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 2023-24 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 7-ാംവാർഡിൽ സ്ഥിതി ചെയ്യുന്ന ഒ.സി തോമസ്, ഒളശ്ശ വീട്, പനങ്ങാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റെയ്ൻ ഫോറസ്റ്റ് റിസോർട്ട്സ് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട് (നമ്പർ 400749/RPTL20/GPO/2023/2165, തീയതി 28.04.2023). 7/160, 7/161, 7/162, 7/163, 7/164, 7/167, 7/168 എന്നീ കെട്ടിടങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വസ്തുനികുതി സംബന്ധിച്ച ഡാറ്റാബേസ് ആയ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 101.38 ച.മീ വിസ്തീർണ്ണമുള്ള 7/168 എന്ന കെട്ടിടത്തെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 3 രൂപ നിരക്കിൽ മാത്രമാണ് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കി വരുന്നത്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22/03/2023 തീയതിയിലെ സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ റിസോർട്ട് ഗണത്തിൽ പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് 01.04.2023 തീയതി മുതൽ ച.മീറ്ററിന് 95 രൂപ നിരക്കിൽ ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതാണ്. റിസോർട്ട് ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് അതിനു മുമ്പ്

ച.മീറ്ററിന് 90 രൂപയായിരുന്നു വസ്തുനികുതി നിരക്ക്. സഞ്ചയ പരിശോധിച്ചതിൽ കെട്ടിടത്തിന് 2013 മുതൽ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ റിസോർട്ട് ആവശ്യത്തിനായി ഉപയോഗിക്കുന്ന ടി കെട്ടിടത്തെ ച.മീറ്ററിന് 90 രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിനു പകരം ച.മീറ്ററിന് 3 രൂപ നിരക്കിൽ ഈടാക്കിയതിനാൽ പഞ്ചായത്തിന് വർഷംതോറും വരുമാന നഷ്ടം സംഭവിക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 3 രൂപ നിരക്കിൽ | യഥാർത്ഥത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 90 രൂപ നിരക്കിൽ | അടിസ്ഥാന വസ്തുനികുതിയിലുള്ള വ്യത്യാസം |
|---|---|---|---|
| 101.38 | 304 | 9124 | 8820 |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ചട്ടം 4-ൽ പരാമർശിക്കുന്ന ഏതെങ്കിലും ഉപയോഗക്രമത്തിൽ മാറ്റം വന്നാൽ 30 ദിവസത്തിനകം ആയതു കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 19/22.11.2024), മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തെ നിലവിൽ ലൈസൻസ് നേടിയ ഉപയോഗക്രമത്തിലേക്ക് ക്രമവൽക്കരിച്ച് നികുതി പുന:നിർണ്ണയം നടത്തി മാറ്റം വന്ന കാലയളവ് മുതൽ നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃതമായി നിർമ്മിച്ച വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചിറ വില്ലേജിൽ 1927/1, 1927/2, 1928/3, 1933/1 എന്നീ സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന ജോട്ടർ ഡാം, വെട്ടിക്കുഴി എന്ന സ്കൂൾ കെട്ടിടത്തിന്റെ അനധികൃതമായി പണിതീർത്ത അൺഎയ്ഡഡ് സ്കൂൾ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് 09.03.2021 തീയതിയിൽ സ്കൂൾ പ്രിൻസിപ്പൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ ന്യൂനതകൾ പരിഹരിക്കുവാൻ 09.09.2021, 26.10.2021 തീയതികളിൽ കത്തയച്ചിരുന്നു. തുടർന്ന് 11.10.2022 തീയതിയിൽ വീണ്ടും അപേക്ഷിക്കുകയും ന്യൂനതകൾ പരിഹരിക്കുവാൻ 10.01.2023 തീയതിയിൽ കത്തയക്കുകയും ചെയ്തിരുന്നു. അപേക്ഷപ്രകാരമുള്ള സ്കൂൾ കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം - 5900.88 ച.മീ
ക്രമവൽക്കരിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം - 1643.18 ച.മീ
ആകെ -7544.06 ച.മീ
എന്നാൽ സഞ്ചയപ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | റിമാർക്ക് |
|---|---|---|
| 1/151 | 415 | കോൺവെന്റ്-പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കി വരുന്നു |
| 1/152 | 1260.18 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമായി സഞ്ചയയിൽ ചേർത്തിരിക്കുന്നു |
| 1/153 | 1260 | വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കി വരുന്നു |
| 1/255 A | 2478.78 | വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കി വരുന്നു |
| ആകെ | 5413.96 | |

അപേക്ഷ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിലെ വിവരങ്ങളും പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് സമർപ്പിച്ച അപേക്ഷപ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണവും സഞ്ചയപ്രകാരമുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല. അപേക്ഷയിൽ നിലവിലുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തേക്കാൾ 486.92 ച.മീറ്റർ അധികരിച്ചിട്ടുണ്ട്.
2. 1260.18 ച.മീ വിസ്തീർണ്ണമുള്ള 1/152 കെട്ടിടത്തിന് വസ്തുനികുതി ഈടാക്കുന്നില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/23.11.2024), മറുപടി ലഭ്യമാക്കിയില്ല.
സ്ഥാപനത്തിന്റെ നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടഭാഗങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കി വരുന്നുണ്ടെങ്കിലും 1260.18 ച.മീ വിസ്തീർണ്ണമുള്ള 1/152 നമ്പർ കെട്ടിടത്തെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 207(1)ബി പ്രകാരം സർക്കാർ സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും മാത്രമാണ് നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.
കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.
അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തേക്കാൾ അധികമായി നിർമ്മിച്ച 486.92 ച.മീറ്റർ വരുന്ന കെട്ടിടഭാഗവും പുതുതായി നിർമ്മിച്ച കെട്ടിടങ്ങളും ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതും 1/152 നമ്പർ കെട്ടിടത്തിന്റെ നാളിതുവരെയുള്ള നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 കാർഷികാവശ്യത്തിനും വീട് പണിതു താമസിക്കുന്നതിനുമായി പതിച്ചു കൊടുത്ത പട്ടയഭൂമിയിൽ റിസോർട്ട് കെട്ടിടം പ്രവർത്തിക്കുന്നു

**ഫയൽ നമ്പർ : 2862/2023**

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സിറിയക് ജോസഫ്, ബിന്ദു സിറിയക് എന്നിവരുടെ ഉടമസ്ഥതയിലുള്ള അതിരപ്പിള്ളി വില്ലേജിലെ 1670/10 സർവ്വേ നമ്പറിൽ, 2809.66 ച.മീ വിസ്തീർണ്ണത്തിൽ ഗ്രൂപ്പ് A2 ഗണത്തിൽപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് (പെർമിറ്റ് നമ്പർ: B2-4520/2017-18/21 തീയതി:22.11.2017). ഫയൽ നമ്പർ എസ് 3-1520/23 പ്രകാരം 03.03.2024 തീയതി വരെ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി 06.03.2023 തീയതിയിൽ ശ്രീ. സിറിയക് ജോസഫ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പെർമിറ്റിനായി അപേക്ഷ നൽകിയ കാലത്ത് സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ എന്ത് ആവശ്യത്തിനാണ് ഭൂമി പതിച്ചു നൽകിയതെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച അതിരപ്പിള്ളി വില്ലേജ് ഓഫീസറുടെ 03.03.2023 തീയതിയിലെ 143/23 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ വീട് പണിതു താമസിക്കുന്നതിനും കൃഷി ആവശ്യത്തിനും അനുവദിച്ചിട്ടുള്ള പട്ടയഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയ പട്ടയഭൂമിയിൽ മറ്റാവശ്യങ്ങൾക്ക് കെട്ടിട നിർമ്മാണങ്ങൾ നിയമവിരുദ്ധമായതിനാൽ മേൽ വിഷയത്തിൽ 04.09.2023ലെ 400749/BABC06/GPO/2023/2862(2) നമ്പർ കത്ത് പ്രകാരം തൃശ്ശൂർ തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറേറ്റ് സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്.

മേൽ വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും കെട്ടിടത്തിന് നിലവിൽ കെട്ടിട നമ്പർ അനുവദിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പണിതു തീർത്ത ഹോട്ടൽ/റിസോർട്ട് കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നമ്പർ 04/20.11.2024). ഫയൽ പരിശോധിച്ചതിൽ നാളിതുവരെയും പഞ്ചായത്തിൽ നിന്നും ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പഞ്ചായത്തിൽ നിന്നും വാക്കാൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടത്തിൽ 'സ്റ്റർലിംഗ് അതിരപ്പിള്ളി' എന്ന റിസോർട്ട് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**ഓഡിറ്റ് നിർദേശങ്ങൾ**

1. കാർഷികാവശ്യത്തിനും വീട് പണിതു താമസിക്കുന്നതിനുമായി പതിച്ചു കൊടുത്ത പട്ടയഭൂമിയിൽ റിസോർട്ട് നിർമ്മിച്ചതിനാൽ മേൽ വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാകുന്നതുവരെ കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കി അറിയിക്കേണ്ടതാണ്.

2. കാർഷികാവശ്യങ്ങൾക്കും വീടുപണിതു താമസിക്കുന്നതിനുമായി പതിച്ചുകൊടുത്ത പട്ടയഭൂമിയിൽ മറ്റു ആവശ്യങ്ങൾക്കായി സമാന രീതിയിൽ കെട്ടിടനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

## I-17 വസ്തുനികുതി പരിഷ്കരണം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും അവസ്ഥയെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫീൽഡ് പരിശോധന നടത്തി മാറ്റം വന്ന കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ് പരിശോധനകൾ 30.06.2023ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഭരണസമിതി തീരുമാനത്തിനു വിധേയമായി ഒരു കെട്ടിടത്തിന് പരമാവധി 30 രൂപ നിരക്കിൽ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി വസ്തുനികുതി പുന:നിർണ്ണയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/20.11.2024), 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ തസ്വഭവ ഉത്തരവ് പ്രകാരം പുതുക്കി പണിയുകയോ ഉപയോഗക്രമം മാറ്റുകയോ ചെയ്ത 55 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഫീൽഡ് പരിശോധന നടത്തുന്നതിന് യോഗ്യതയുള്ളവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ ജിയോ മാപ്പിംഗ് നടത്തിയ വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്തിലെ വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ പരിശോധന നടന്നു വരികയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലുള്ള 4775 കെട്ടിടങ്ങളിൽ 9 എണ്ണത്തിന്റെ ഫീൽഡ് പരിശോധന മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മാത്രമല്ല, പുതുക്കി പണിയുകയോ ഉപയോഗക്രമം മാറ്റുകയോ ചെയ്ത 55 അപേക്ഷകളിന്മേലോ ഫീൽഡ് പരിശോധന പൂർത്തിയായ കെട്ടിടങ്ങളുടെ കാര്യത്തിലോ തുടർനടപടികൾ നാളിതുവരെയും സ്വീകരിച്ചിട്ടില്ല.

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധനകൾ നടത്തി നികുതി-നികുതിയേതരയിനങ്ങളിലെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുടുംബാരോഗ്യകേന്ദ്രത്തിൽ ജീവനക്കാരെ നിയമിച്ചു

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | 13/24, കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറെയും സ്റ്റാഫിനെയും നിയമിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വെറ്റിലപ്പാറ |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| ചെലവഴിച്ച തുക | 14,32,020/- |
| വൗച്ചർനം./തീയതി | 1) 42300834/20.05.2023, ₹77300/-<br>2) 42300835/20.05.2023, ₹52920/-<br>3) 42300867/14.06.2023, ₹129820/-<br>4) 42300901/05.07.2023, ₹77300/-<br>5) 42300902/05.07.2023, ₹52920/-<br>6) 42300946/19.08.2023, ₹52920/-<br>7) 42300947/19.08.2023, ₹77300/-<br>8) 42300981/08.09.2023, ₹77300/-<br>9) 42300982/08.09.2023, ₹52920/-<br>10) 42301009/16.10.2023, ₹130220/-<br>11) 42301039/15.11.2023, ₹130220/-<br>12) 42301077/08.12.2023, ₹130220/-<br>13) 42301133/11.01.2024, ₹30220/-<br>14) 42301196/12.02.2024, ₹130220/-<br>15) 42301283/13.03.2024, ₹130220/- |

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രം സായാഹ്ന ഒ.പി.യിൽ ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നിഷ്യൻ എന്നിവരുടെ വേതനം നൽകുന്നതിനായി 2023-24 സാമ്പത്തികവർഷത്തിൽ മേൽ പ്രൊജക്ട് പ്രകാരം 14,32,020 രൂപ വികസന ഫണ്ട് (ജനറൽ) ൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 28.05.2022ലെ സ.ഉ(കൈ) 115/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6.2 പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒരോ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ മാത്രമേ നിർദ്ദേശമുള്ളൂ. മാത്രമല്ല, തദ്ദേശ സ്വയംഭരണവകുപ്പിന്റെ 25-10-2023 ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പതിനാലാം പഞ്ചവത്സരപദ്ധതി പ്രകാരം പരമാവധി 1 ഡോക്ടറെയും 1 പാരമെഡിക്കൽ സ്റ്റാഫിനെയും മാത്രമേ നിയമിക്കാവൂ എന്ന് വ്യക്തത വരുത്തിയിട്ടുള്ളതുമാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുടുംബാരോഗ്യകേന്ദ്രത്തിൽ ജീവനക്കാരെ അധികമായി നിയമിച്ചതിന് സർക്കാർ ഉത്തരവോ നിർദ്ദേശങ്ങളോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:24/22.11.2024), ആകെയുള്ള ജനസംഖ്യയിൽ 20 ശതമാനത്തോളം ട്രൈബൽ ജനത ഉൾപ്പെടുന്ന പഞ്ചായത്തായതിനാലും മറ്റു ആശുപത്രികൾ, ലാബുകൾ എന്നിവക്കായി വീണ്ടും 30 കി.മീറ്ററോളം സഞ്ചരിക്കേണ്ടതിനാലും 26.07.2023 തീയതിയിലെ സ.ഉ(സാധാ) 1523/2023/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരവും തൃശ്ശൂർ ഡി.എം.ഒ. കോൺഫറൻസിൽ പറഞ്ഞതു പ്രകാരവുമാണ് 31.03.2024 തീയതിവരെ ജീവനക്കാരെ നിയമിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി ഉത്തരവിൽ സർക്കാർ അനുമതി ലഭ്യമായിട്ടുള്ള കേസുകളിൽ ഉത്തരവിൽ പറയുന്ന കാലയളവിലേക്ക് ഇതിനകം നിയമിച്ചവർക്ക് തുടരാമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മാത്രമല്ല, തദ്ദേശ സ്വയംഭരണവകുപ്പിന്റെ 25-10-2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ.പി.യിൽ നിയമിക്കാവുന്ന ജീവനക്കാരുടെ എണ്ണത്തിൽ വ്യക്തത വരുത്തിയിട്ടുമുണ്ട്. പ്രസ്തുത സർക്കുലറിലെ ഖണ്ഡിക (ii) പ്രകാരം പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവ അനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അധികജീവനക്കാരെ നിയമിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും മറ്റു ആശുപത്രികളുടെ അസാന്നിദ്ധ്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി നേടേണ്ടതാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലാപ്ടോപ്പുകൾ ലഭ്യമായില്ല

| പ്രൊജക്റ്റ് നമ്പർ | 85/24 | 64/24 |
|---|---|---|
| | | |

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | എസ്.ടി. വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ തുക | 6,00,000 (വികസന ഫണ്ട് (ജനറൽ )- 322912 - എസ് സി പി- 277088) | 2,50,000 (ടി എസ് പി) |
| ചെലവ് | 2,98,192 | 1,11,822 |
| വൗച്ചർ നമ്പർ, തുക | 1)42301297/15.03.24-53,444/-<br>2) 42301298/15.03.24-21,104/-<br>3)42301128/09.01.24-2,23,644/- | 1)42301127/09.01.24 – 1,11,822/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |

എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 4,10,014 രൂപ കെൽട്രോൺ മാനേജർക്ക് കൈമാറിയിട്ടുണ്ട്. 11 ലാപ്ടോപ്പുകളാണ് ഇതു പ്രകാരം ലഭിക്കേണ്ടിയിരുന്നത്. എന്നാൽ ലാപ്ടോപ്പുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/23.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈഫ് മിഷൻ വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു

സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ട് (ജി.ഒ. പ്രോജക്ട് )
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

31.03.2023ലെ ബാലൻസ് ഷീറ്റ് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ ബാധ്യത ഇല്ലാത്തതാണ്. എന്നാൽ ചുവടെ പട്ടികയിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിച്ചപ്പോൾ വികസനഫണ്ട് (എസ്.സി.പി) അലോട്ട്മെന്റിൽ നിന്നും 97648 രൂപയും വികസനഫണ്ട് (ടി.എസ്.പി) അലോട്ട്മെന്റിൽ നിന്നും 83698 രൂപയും കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തുക തിരിച്ചടവിലേയ്ക്ക് സർക്കാർ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പറും | സ്രോതസ്സിൽ കുറവ് ചെയ്ത തുക, ഫണ്ടിനം | പ്രൊജക്ടിന് ആധാരമായ സർക്കാർ ഉത്തരവ് |
|---|---|---|
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) (270/24) | 32,549 വികസനഫണ്ട് (എസ്.സി.പി) | സ.ഉ.(സാധാ)നമ്പർ 3113/2023/ധന/ തീയതി19.04.2023 |
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) (273/24) | 32,549 വികസനഫണ്ട് (എസ്.സി.പി) | സ.ഉ.(സാധാ)നമ്പർ 5637/2023/ധന/ തീയതി29.07.2023 |
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) (276/24) | 32,550 വികസനഫണ്ട് (എസ്.സി.പി) | സ.ഉ.(സാധാ)നമ്പർ 2858/2024/ധന/ തീയതി22.03.2024 |
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) (269/24) | 27,899 വികസനഫണ്ട് (ടി.എസ്.പി) | സ.ഉ.(സാധാ)നമ്പർ 3113/2023/ധന/ തീയതി19.04.2023 |
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) (274/24) | 27,899 വികസനഫണ്ട് (ടി.എസ്.പി) | സ.ഉ.(സാധാ)നമ്പർ 5637/2023/ധന/ തീയതി29.07.2023 |

| | | |
|---|---|---|
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) (277/24) | 27,900 വികസനഫണ്ട് (ടി.എസ്.പി) | സ.ഉ.(സാധാ)നമ്പർ 2858 /2024/ധന/ തീയതി22.03.2024 |

മേൽ പ്രകാരം കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ11/ തീയതി21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം തുക തിരികെ അടയ്ക്കാൻ ബാക്കിയില്ലാത്തതിനാൽ ഈ വിവരം സർക്കാരിനെ അറിയിക്കേണ്ടതും മേൽ പ്രകാരം കുറവ് ചെയ്ത തുക അതാത് വിഭാഗത്തിൽ അടുത്ത വർഷം തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(കുറിപ്പ്-മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതും ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പഞ്ചായത്ത് പദ്ധതി ചെലവ് കണക്കുകളുടെ റിപ്പോർട്ട് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷികകണക്കിൽ ഈ തുകകൾ വികസനഫണ്ട് (എസ്.സി.പി), (ടി.എസ്.പി) ഇനങ്ങളിൽ വരവായി ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ 16 പട്ടികയിൽ ചേർത്തിട്ടുണ്ട്. കൂടാതെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ 114(A) പട്ടികയിൽ Housing-Individual Programmes-House Construction (Code-25114004) എന്ന ശീർഷകത്തിൽ ഭവനനിർമ്മാണ ധനസഹായമെന്ന പേരിൽ ചെലവായി തെറ്റായി ബുക്ക് ചെയ്തിട്ടുമുണ്ട്).

## 1-21 ലൈഫ് ഭവന പദ്ധതി(എസ്.സി.പി)- തുടർനടപടികൾ അറിയിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മലക്കപ്പാറ സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ലൈഫ് ഭവന പദ്ധതി(എസ്.സി.പി)യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 4ലക്ഷം രൂപ വീതമാണ് ധനസഹായമായി വകയിരുത്തിയിട്ടുള്ളതെങ്കിലും ചുവടെ ചേർത്തിട്ടുള്ളവർക്ക് രണ്ട് ഗഡുക്കളായി 2 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ | |
|---|---|---|---|---|
| | | | തുക | വൗച്ചർ നമ്പർ/ തീയതി |
| 1 | 129/2023(2022-23) | ലീലാവതി, ടാറ്റാ എസ്റ്റേറ്റ്, മലക്കപ്പാറ | 40000 | 42201180/ 08.03.2023 |
| | | | 160000 | 42201277/ 24.03.2023 |
| 2 | 129/2023(2022-23)& 23/2024(2023-24) | സുഭദ്ര നാരായണൻ, കോക്കാടൻ, കണ്ണൻകുഴി, വെറ്റിലപ്പാറ | 40000 | 42201263/ 20.03.2023 |
| | | | 160000 | 42300837/ 24.05.2023 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും തുടർന്നുള്ള ധനസഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കാനാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 06/തീയതി 20.11.2024)നൽകിയിരുന്നു. മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ പദ്ധതി - തുടർ നടപടികൾ അറിയിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെറ്റിലപ്പാറ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപ വീതമാണ് ധനസഹായമായി വകയിരുത്തിയിട്ടുള്ളതെങ്കിലും ചുവടെ ചേർത്തിട്ടുള്ളവർക്ക് ₹50,000 മാത്രമാണ് നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ | |
|---|---|---|---|---|
| | | | തുക/ ഫണ്ടിനം | വൗച്ചർ നമ്പർ/ തീയതി |

| | | | | |
|---|---|---|---|---|
| 1 | 197/2024 (എസ്.സി.പി പ്രൊജക്ട്) | ഷേർളി കാഞ്ഞിരത്തിങ്കൽ, വരടക്കയം | 50000 (വികസന ഫണ്ട്- എസ്.സി.പി) | 42301053/ 24.10.2023 |
| 2 | 28/2024 (ജനറൽ പ്രൊജക്ട്) | സിജോ , കോയിക്കര, വെറ്റിലപ്പാറ | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 22300954/ 31.03.2024 |

മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിന്റെ നിലവിലെ സ്ഥിതിയും തുടർന്നുള്ള ധനസഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കാനാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 07 തീയതി 20.11.2024) നൽകിയിരുന്നു. മേൽ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരിച്ചു പിടിക്കാമെന്നുമാണ് അറിയിച്ചത്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഫണ്ട് വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ടിന്റെ പേര്, നമ്പർ, ഫണ്ടിനം | വൗച്ചർ നമ്പർ തീയതി | തുക (₹) | വിശദാംശങ്ങൾ |
|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ (01/24) (വികസന ഫണ്ട് – പൊതുവിഭാഗം) | 42300812/ 29.04.2023 | 2,17,603 | തുക ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി (164/24) (വികസന ഫണ്ട് -പൊതുവിഭാഗം) | 42301089/ 20.12.2023 | 8,814 | തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറി. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും (165/24) (ധനകാര്യ കമ്മീഷൻ -ബേസിക് ഗ്രാന്റ്) | 42301398/ 31.03.2024 | 1,58,309 | തുക പരിയാരം കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |

മേൽപ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 10/20.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 അടങ്കൽ തുകയെക്കാൾ അധികം ചെലവഴിച്ചു

സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി അംഗനവാടി പോഷകാഹാരം (പ്രൊജക്ട് നമ്പർ 38/24) എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് 8,32,000 രൂപയും ചെലവഴിച്ചിട്ടുള്ളത് 8,82,087 രൂപയുമാണ്. അടങ്കൽ (വകയിരുത്തിയ തുക) തുകയെക്കാൾ അധികം ചെലവഴിച്ചതിന് കാരണം

വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/21.11.2024) നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 വാഹനം വാടകയ്ക്കെടുത്തത്-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായുള്ള നടീൽ വസ്തുക്കളുടെ വിതരണവുമായി ബന്ധപ്പെട്ട് ശ്രീ. ജിനോ ജോസഫ് എന്ന വ്യക്തിയുടെ KL.64.H.0866 എന്ന വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്. എന്നാൽ ആയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. കിലോമീറ്ററിന് 60 രൂപ നിരക്കിലാണ് വാടക ഈടാക്കിയിരിക്കുന്നത്. 10.11.23, 30.12.23, 31.12.23 എന്നീ തീയതികളിൽ അതിരപ്പിള്ളി കൃഷിഭവനു കീഴിലുള്ള വിവിധ ആദിവാസി കോളനികളിലേക്ക് ജാതി തൈകൾ, കവുങ്ങിൻ തൈകൾ എന്നിവയുടെ വിതരണത്തിനായി വാഹനം ഉപയോഗിച്ചതിന്റെ വാടകയായി 20,000 രൂപ ശ്രീ. ജിനോ ജോസഫിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 26/23.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാഹനം വാടകയ്ക്കെടുക്കേണ്ടതാണ്.

## 1-26 ജാതി തൈകൾ (ബഡ്) വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 114/2023-24 |
| പ്രൊജക്റ്റിന്റെ പേര് | ജാതി തൈ വിതരണം (എസ്.ടി) |
| അടങ്കൽ തുക | 1,00,000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 90,000 |
| വൗച്ചർ നമ്പർ | 42301037/13.11.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ സൂചിപ്പിച്ച പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ചാലക്കുടിയിലെ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ഇൻവോയ്സ് നമ്പർ ASC.14/23-24/27.10.23 പ്രകാരം തൈ ഒന്നിന് 600 രൂപ നിരക്കിൽ 150 തൈകൾ 90,000 ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ നിരക്കു പ്രകാരം (KAUDSP/A1/70027/22/23.03.23 (2023-24 ലെ വിൽപ്പന നിരക്ക്) പോളിത്തീൻ ബാഗുകളിൽ നിറച്ച ജാതി ബഡുകളുടെ വില 300 രൂപയാണ്. കാർഷിക സർവ്വകലാശാലാ നിരക്കിനേക്കാൾ 300 അധിക നിരക്കാണ് അഗ്രോ സർവ്വീസ് സെന്റർ ഈടാക്കിയിരിക്കുന്നത്. കൂടാതെ വാങ്ങിയ ഇനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ട് തന്നെ വാങ്ങിയ ഇനത്തിന്റെ വലുപ്പം, പ്രായം എന്നിവ വ്യക്തമല്ല. ഇതേ അപാകങ്ങൾ ഫലവൃക്ഷ തൈകളുടെ വിതരണം, പച്ചക്കറി വികസനം എന്നീ പദ്ധതികളിലും ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/23.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

അഗ്രോ സർവ്വീസ് സെന്ററുകളിൽ നിന്നും നടീൽ വസ്തുക്കൾ നേരിട്ടു വാങ്ങാവുന്നതാണ്. എന്നാൽ നടീൽ വസ്തുക്കളുടെ വാങ്ങലിൽ വിലയുടെ യുക്തിഭദ്രത, ഗുണമേന്മ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുണ്ട്. ഇവയുടെ നിരക്കുകൾ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. പോലുള്ള സ്ഥാപനങ്ങളിലെ വിൽപ്പന നിരക്കുമായി താരതമ്യപ്പെടുത്തി വിലയുടെ യുക്തിഭദ്രത ഉറപ്പാക്കാവുന്നതുമാണ്. ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിച്ച് മേൽ സൂചിപ്പിച്ച രീതിയിൽ സംഭവിക്കുന്ന സാമ്പത്തിക നഷ്ടങ്ങൾ ഒഴിവാക്കാവുന്നതാണ്.

## 1-27 2023-24 സാമ്പത്തിക വർഷം റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചില്ല

പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പരിപാലനത്തിനായി അനുവദിക്കുന്ന റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 2023-24 സാമ്പത്തിക വർഷം തുകയൊന്നും തന്നെ റോഡ് പരിപാലന പ്രവൃത്തികൾക്കായി വിനിയോഗിച്ചതായി കാണുന്നില്ല. 2023-24 ൽ ലഭ്യമായ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ കാണും പ്രകാരമാണ്.

| അലോട്ട്മെന്റ് തുക | റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ അടങ്കൽ തുക | ചെലവു തുക | ബാക്കി |
|---|---|---|---|
| 4326000 | 7218995 | 0 | 4326000 |

തൻവർഷം 7218995 രൂപയുടെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഒരൊറ്റ പ്രവൃത്തി പോലും ഈ ഫണ്ടുപയോഗിച്ച് ആരംഭിക്കുക പോലും ചെയ്തിട്ടില്ല. പഞ്ചായത്തിലെ വിവിധങ്ങളായ റോഡുകളുടെ പരിപാലനത്തിനായി ലഭ്യമായ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാതെ ലാപ്സായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 8/20.11.2024) മറുപടിയിൽ റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ, റീ ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് തയ്യാറാകാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായതെന്നും പിന്നീട് കരാറുകാരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് ആറ് റോഡ് പ്രവൃത്തികൾക്ക് 2023 മാർച്ച് മാസത്തിൽ എഗ്രിമെന്റ് വച്ചുവെന്നും ഈ പ്രവൃത്തികൾ കരാറുകാരൻ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാകാത്തതിനാൽ ബില്ലുകൾ തയ്യാറാക്കി തുക ചെലവഴിക്കാനായില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദമാക്കി. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മെയിന്റനൻസ് ഫണ്ട് ലാപ്സാകാതെ പൂർണമായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതിയുടെ സഹായത്തോടെ കൈക്കൊള്ളേണ്ടതാണ്.

## 1-28. മരാമത്ത് പണി - കരാറുകാരന് ജി എസ് ടി നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം/പേര് | 176/24- വാഴച്ചാൽ കോളനിയിലെ ഡ്രൈനേജുകളുടെ നവീകരണം |
| പ്രോജക്ട് അടങ്കൽ | 20,00,000 (കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവു തുക | 12,01,380 |
| വൗച്ചർ നം/ തീയതി | 42300408/21.11.2023 |
| കരാറുകാരന്റെ പേര് | ബിജു പി ബി |
| എഗ്രിമെന്റ് നം/തീയതി | 01/2023-24 /AE/LSGD/ATPLY തീ. 03.04.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

വാഴച്ചാൽ കോളനിയിലെ ഡ്രൈനേജുകളുടെ നവീകരണം എന്ന പ്രവൃത്തിയിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിനായി കരാറുകാരൻ കെ എസ് ഇ ബി-യിൽ 20084 രൂപ അടവാക്കിയിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഉൾക്കൊള്ളിച്ചതിനാൽ ഈ തുക കരാറുകാരന് ബില്ലിൽ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ ആകെ ബിൽ തുകയിൽ ഈ തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് 18% ജി എസ് ടി അനുവദിച്ചപ്പോൾ ഈ തുകയ്ക്ക് കൂടിയുള്ള ജി എസ് ടി കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. അതിനാൽ 20084 രൂപയുടെ 18% തുകയായ 3615 രൂപ കരാറുകാരന് ജി എസ് ടി യിനത്തിൽ അധികം അനുവദിച്ചതായി കാണുന്നു. ഇത് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 3/20.11.2024).

## 1-29. ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം/പേര് | 181/24. കുടുംബാരോഗ്യ കേന്ദ്രം (എഫ് എച്ച് സി)- വയോജന സൗഹൃദമാക്കൽ (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 5,00,000 (വികസനഫണ്ട് ജനറൽ) |
| ചെലവു തുക | 4,78,515 |
| വൗച്ചർ നം/ തീയതി | 42300895/30.06.2023 |
| കരാറുകാരന്റെ പേര് | ലോനക്കുട്ടി കെ പി |
| എഗ്രിമെന്റ് നം/തീയതി | 19/2022-23 /AE/LSGD/ATPLY തീ. 28.01.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവർത്തിയിൽ ജി ഐ സ്ക്വയർ ട്യൂബ്, പൈപ്പ് എന്നിവ ഉപയോഗിച്ച് ട്രസ്സ് റൂഫ് നിർമ്മിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇ-എം. ബുക്കിലെ ക്രമ നം. 1.004 പ്രകാരം 809.00100 കി.ഗ്രാം ജി ഐ സ്ക്വയർ ട്യൂബ്/പൈപ്പ് എന്നിവയുപയോഗിച്ച് സ്റ്റീൽ വർക്ക് ബിൽറ്റ് അപ്പ് രീതിയിൽ

ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (DSR Item Code.10.16.1- Steel Work In Built Up G I Tubular (Round,Square Or Rectangular Hollow Tubes Etc) Trusses.Etc Hot Finished Welded Type Tubes). ജി ഐ പൈപ്പുകൾ കട്ട് ചെയ്ത് വെൽഡ് ചെയ്ത് പോസ്റ്റുകളും റാഫ്റ്ററുകളും വാൾ പ്ലേറ്റുകളും ഉണ്ടാക്കുന്ന രീതിയാണ് ഇത്. ഇതിനായി ആകെ 1,31,058 രൂപ (809.0010 കി ഗ്രാം @162/Kg (Rate As Per Agreed PAC)) മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിനായി ആകെ ഉപയോഗിച്ച 809.00100 കി.ഗ്രാം ജി. ഐ സ്ക്വയർ ട്യൂബിൽ 302.174 കി. ഗ്രാം ഉപയോഗപ്പെടുത്തിയത് പർലിനുകൾ (Purlin) നിർമ്മിക്കുന്നതിനായാണ്. എന്നാൽ പർലിനുകൾ നിർമ്മിക്കുന്നതിനായി അനുവദിക്കാവുന്ന ഇനം പ്രവൃത്തി സിംഗിൾ സെക്ഷൻ രീതിയാണ് (DSR Item Code.10.1- Steel Work For Purlin/Single Section With G I Pipes.Etc). ഈയിനം പ്രവൃത്തിയുടെ ((DSR Item Code.10.1) നിരക്ക് പ്രൈസ് 3.0 സോഫ്റ്റ്‌വെയർ പ്രകാരം കി.ഗ്രാമിന് 101.27 രൂപയാണ്. ഈ പ്രവൃത്തിയിൽ കരാറുകാരൻ അംഗീകരിച്ച നിരക്കു പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 97.103 രൂപയാണ് (4.11391% Below). ആയതിനാൽ സിംഗിൾ സെക്ഷൻ രീതിയിലുള്ള പർലിൻ നിർമ്മാണത്തിനും ബിൽറ്റ് അപ്പ് രീതിയിലുള്ള സ്റ്റീൽ വർക്കിന്റെ നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം തുകയനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| എം ബുക്കിലെ ഐറ്റം നം | പർലിൻ (Purlin) വർക്കിന്റെ ആകെ തൂക്കം | അനുവദിച്ച തുക (DSR Item Code.10.16.1) | അർഹമായ തുക (DSR Item Code.10.1) | കൂടുതൽ നൽകിയത് |
|---|---|---|---|---|
| 1.004 (M.G.N: 1-5-2) | 302.174 കി ഗ്രാം | 48952.18 (@162/Kg-Rate As Per Agreed PAC) | 29342.00 (@97.103/Kg-Rate As Per Agreed PAC) | 19,610.18 |

കരാറുകാരന് അധികം നൽകിയ 19,610 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം - 2/20.11.2024).

## 1-30 എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് - ലഭ്യമാക്കിയിട്ടില്ല - 1,25,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 82/24 |
| പ്രൊജക്റ്റിന്റെ പേര് | എസ്.സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| അടങ്കൽ തുക | 7,50,000 |
| ചെലവ് | 7,50,000<br>42300880/21.06.2023-1,25,000<br>42300882/23.06.2023 -1,25,000<br>42301080/11.12.2023 - 1,25,000<br>42301113/29.12.2023 - 1,25,000<br>42301154/24.01.2024 - 1,25,000<br>42301179/07.02.2024 - 1,25,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മലക്കപ്പാറ ടാറ്റ ടീ എസ്റ്റേറ്റിൽ താമസിക്കുന്ന ശ്രീമതി തിരുപ്പതിയുടെ മകളായ ഐശ്വര്യയുടെ വിവാഹവുമായി ബന്ധപ്പെട്ട് എസ്.സി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായ 1,25,000 രൂപ (42301179/07.02.24) നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ ആനുകൂല്യം ലഭിച്ച വ്യക്തിയുടെ അപേക്ഷ, മകളുടെ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/23.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രാഥമിക രേഖകൾ ലഭ്യമാക്കാതെ ധനസഹായം അനുവദിച്ചത് ഇതു സംബന്ധിച്ച മാർഗ്ഗരേഖയുടെ ലംഘനമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,25,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 3-ാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ പരിപാലിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ. (ആർ.ടി.) നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. അതിരപ്പിള്ളി

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ജനസംഖ്യ | 9208 |
| വാർഡുകളുടെ എണ്ണം | 13 |
| ആകെ ആൾതാമസമുള്ള വീടുകളുടെ എണ്ണം | 2111 |
| സ്ഥാപനങ്ങളുടെ എണ്ണം | 875 |
| ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം | 6 |

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും വാതിൽപ്പടി മാലിന്യശേഖരണത്തിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടില്ല. യൂസർ ഫീ നല്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ ലക്ഷ്യ പ്രാപ്തിക്കായി ബോധവത്കരണം, നിയമ നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച മാലിന്യത്തിന്റെ തൂക്കം എത്രയെന്ന് വ്യക്തമായ കണക്ക് ലഭ്യമായില്ല. എം സി എഫിന്റെ സ്ഥലപരിമിതിമൂലം ശേഖരിക്കുന്ന മാലിന്യം വേർതിരിക്കാനാകുന്നില്ല.

4. റീ സൈക്ലിംഗ്

പഞ്ചായത്തിൽ നടത്തിയ ബോധവത്കരണ ക്ലാസുകളിലൂടെ പുനരുപയോഗസാദ്ധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

2023-24 വർഷത്തിൽ മാലിന്യ സംസ്കരണ രീതികളെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽകരിക്കുന്നതിനായി ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

6. തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം 1440 തൊഴിൽ ദിനങ്ങൾ ഹരിത കർമ്മ സേനാംഗങ്ങൾക്കായി നൽകുകയും 2,43,439 രൂപ വേതനയിനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ശരാശരി 10000 രൂപയെങ്കിലും വരുമാനം സേനാംഗങ്ങൾക്ക് ഉറപ്പാക്കാനാകുന്നില്ല. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി മറ്റു പ്രവർത്തനങ്ങളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.

7. അടിസ്ഥാന സൗകര്യ വികസനം

സ.ഉ(സാധാ) നം.1068/2023/തസ്വഭവ തിയ്യതി-20.05.2023 പ്രകാരം എല്ലാ ഗ്രാമ പഞ്ചാത്തിലും M.C.F, വാർഡുകളിൽ മിനി M.C.F, ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ R.R.F എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിൽ ഒരു എം.സി.എഫും 6 മിനി എം.സി.എഫുകളുമാണ് നിലവിലുള്ളത്. എം.സി.എഫ് അരൂർമുഴി കമ്മ്യൂണിറ്റി ഹാളിന്റെ പുറകു വശത്തായാണ് നിലവിൽ പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യങ്ങളേ എം സി എഫിൽ ഒരുക്കിയിട്ടുള്ളു. മാലിന്യനീക്കത്തിനായി സ്വന്തമായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എം.സി.എഫിൽ നിന്ന് ദുർഗന്ധമോ കീട സാന്നിദ്ധ്യമോ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. മാലിന്യ സംഭരണവുമായി ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 95,247 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | 17/24 | കുടുംബാരോഗ്യ കേന്ദ്രത്തിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഒരുക്കൽ | 10,849 |
| 2 | 195/24 | മാലിന്യ സംസ്കരണം- സുരക്ഷാ ഉപകരണങ്ങൾ | 60,818 |
| | | | |

| | | | |
|---|---|---|---|
| 3 | 265/24 | സ്മാർട്ട് ഗാർബേജ് ക്യു ആർ കോഡ് പതിക്കൽ | 23,590 |

8. പാരിസ്ഥിതിക ആഘാതം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 52 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 12 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. 2023-24 വർഷം ആകെ 1,07,100 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

സേനാംഗങ്ങൾക്ക് കുടുംബശ്രീ, കില, കെൽട്രോൺ എന്നീ ഏജൻസികളിൽ വഴി നാലോളം പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

2016ലെ ഖരമാലിന്യ ചട്ടങ്ങൾ, ആപത്ക്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയുടെ ശേഖരണവും സംഭരണവുമായി ബന്ധപ്പെട്ട 16.05.2022ലെ സ.ഉ.(സാധാ) നം.1227/22/LSGD ഉത്തരവ്, പൊതുയിടങ്ങളിലേയും ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ 26.04.2023ലെ ജി.ഒ.(ആർ.ടി) നം. 922/2023 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്, യൂസർ ഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം.789/2023/തസ്വഭവ തിയ്യതി 31.03.2023, 100% വാതിൽപ്പടി മാലിന്യ ശേഖരണവും എം.എസി.എഫ്, മിനി എം.സി.എഫ് എന്നിവയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം.1068/2023/തസ്വഭവ തിയ്യതി 20.05.2023 എന്നീ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമാണ് ഗ്രാമ പഞ്ചായത്തിൽ മാലിന്യ ശേഖരണവും സംഭരണവും കൈമാറലും നടന്നു വരുന്നതെങ്കിലും പൂർണ്ണതോതിലുള്ള ലക്ഷ്യപ്രാപ്തി ഇനിയും കൈവരിക്കുവാനായിട്ടില്ല.

11. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം.

ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അവരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസിഡന്റിന്റേയും മെമ്പർമാരുടെയും ഉദ്യോഗസ്ഥരുടേയും ആഭിമുഖ്യത്തിൽ യോഗം കൂടി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നല്കിവരികയും ചെയ്യുന്നുണ്ട്. എം സി എഫിന് സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലപരിമിതി മൂലം ശേഖരിക്കുന്ന മാലിന്യം പൂർണമായി വേർതിരിക്കാനാകാത്തതും വാതിൽപ്പടി മാലിന്യശേഖരണത്തിൽ മുഴുവൻ കുടുംബങ്ങളുടെ സഹകരണം ഉറപ്പാക്കാനാകാത്തതും, 100 % യൂസർഫീ കളക്ഷൻ സാധ്യമാകാത്തതുമെല്ലാം ഹരിതകർമ്മസേന നേരിടുന്ന പ്രധാന പരിമിതികളാണ്.

12. എം സി എഫ്- അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| എ) എം സി എഫ്, മിനി എം സി എഫ് എന്നിവകളുടെ എണ്ണം (വേർതിരിച്ച്). | എം സി എഫ്- 1<br>മിനി എം സി എഫ്-6 |
| ബി) എം സി എഫുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (വാഷിംഗ് & ബാത്തിംഗ് ഏരിയ, മുതലായവ). | ഇല്ല |
| സി) എം സി എഫുകളിൽ അഗ്നിശമന സംവിധാനം ഒരുക്കിയിട്ടുണ്ടോ? | ഉണ്ട് |
| ഡി) മറ്റ് യന്ത്രസംവിധാനങ്ങൾ ( ബെയിലിംഗ്, ഷ്രഡ്ഡിംഗ് യൂണിറ്റുകൾ). | ഇല്ല |
| ഇ) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫിന് സ്ഥലവിസ്തൃതിയുണ്ടോ? | ഇല്ല |
| എഫ്) എം സി എഫുകളിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീൻ ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയുണ്ടോ? ഉണ്ടെങ്കിൽ ആകെ വിസ്തൃതിയുടെ എത്ര ശതമാനം വീതം. | പ്രത്യേകമായി വേർതിരിച്ചിട്ടില്ല |
| ജി) അന്തിമ സംഭരണ ഏരിയയിൽ അജൈവ മാലിന്യം എത്ര ദിവസം സൂക്ഷിക്കാനാകും | 14 ദിവസം |

| | |
|---|---|
| എച്ച്) എം സി എഫിൽ ശുചിത്വം, ശുചിത്വ മാനദണ്ഡങ്ങൾ പാലിയ്ക്കാനാകുന്നുണ്ടോ? | ഉണ്ട് |
| ഐ) എം സി എഫുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമൂഹിക പ്രശ്നങ്ങളുണ്ടോ? (ദുർഗന്ധം, കീടാണുബാധ, ജലമലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുമായുള്ള തർക്കം തുടങ്ങിയവ) | ഇല്ല |
| ജെ) മാലിന്യം തരം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുന്നതിനായി എം സി എഫിൽ മാലിന്യസംസ്കരണ പ്രോട്ടോക്കോളും സുരക്ഷാനടപടികളും സ്വീകരിക്കുന്നുണ്ടോ? | ഉണ്ട് |

13) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസങ്ങളിലോ എം.സി.എഫിലേക്ക് മാറ്റുന്നുണ്ട്. എം. എസി. എഫിൽ സംഭരിക്കപ്പെടുന്നമാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. 2023-24 വർഷത്തിൽ ആകെ ശേഖരിച്ചതും കരാർ സ്ഥാപനത്തിന് കൈമാറ്റം ചെയ്തതുമായ മാലിന്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

ഗ്രാമ പഞ്ചായത്തിലെ മാലിന്യം ശേഖരിക്കുകയും സംഭരിക്കുകയും കൈയൊഴിയുകയും ചെയ്യുന്നതിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമമായ പ്രവർത്തനം വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും അതിരപ്പിള്ളി പഞ്ചായത്തിൽ വാതിൽപ്പടി മാലിന്യശേഖരണത്തിലൂടെ ശേഖരിക്കുന്ന മാലിന്യം വേർതിരിച്ച് കൈമാറുന്നതിൽ വേണ്ടത്ര പുരോഗതി പ്രകടമാകുന്നില്ല. താൽക്കാലികാടിസ്ഥാനത്തിൽ ഒരുക്കിയ എം സി എഫിലെ സ്ഥലപരിമിതി മൂലം ശേഖരിക്കുന്ന മാലിന്യം വേർതിരിക്കുന്നതിന് സാധിക്കുന്നില്ല. എല്ലാ വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും യൂസർ ഫീ പിരിക്കൽ, എം.സി.എഫിന് സ്വന്തമായ കെട്ടിട സൗകര്യമൊരുക്കൽ, പൊതുയിടങ്ങളിൽ മാലിന്യ സംഭരണ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ മുതലായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പഞ്ചായത്തിന് ഇനിയും മുന്നോട്ടു പോകാനുണ്ട്. (ഓഡിറ്റ് അന്വേഷണം- 1/18.11.2024)

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

### <u>3-1 ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി</u>

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 181/24. കുടുംബാരോഗ്യ കേന്ദ്രം (എഫ് എച്ച് സി)- വയോജന സൗഹൃദമാക്കൽ (സ്റ്റീൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 5,00,000 (വികസനഫണ്ട് ജനറൽ) |
| ചെലവു തുക | 4,78,515 |
| വൗച്ചർ നം/ തീയതി | 42300895/30.06.2023 |
| കരാറുകാരന്റെ പേര് | ലോനക്കുട്ടി കെ പി |
| എഗ്രിമെന്റ് നം/തീയതി | 19/2022-23 /AE/LSGD/ATPLY തീ. 28.01.2023 |

| |
|---|
| നിർവ്വഹണോദ്യോഗസ്ഥൻ അസിസ്റ്റൻറ് എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവർത്തിയിൽ ജി ഐ സ്ക്വയർ ട്യൂബ്, പൈപ്പ് എന്നിവ ഉപയോഗിച്ച് ട്രസ്സ് റൂഫ് നിർമ്മിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇ- എം ബുക്കിലെ ക്രമ നം. 1.004 പ്രകാരം 809.00100 കി.ഗ്രാം ജി ഐ സ്ക്വയർ ട്യൂബ്/പൈപ്പ് എന്നിവയുപയോഗിച്ച് സ്റ്റീൽ വർക്ക് ബിൽറ്റ് അപ്പ് രീതിയിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (DSR Item Code.10.16.1- Steel Work In Built Up G I Tubular (Round,Square Or Rectangular Hollow Tubes Etc) Trusses,Etc Hot Finished Welded Type Tubes). ജി ഐ) പൈപ്പുകൾ കട്ട് ചെയ്ത് വെൽഡ് ചെയ്ത് പോസ്റ്റുകളും റാഫ്റ്ററുകളും വാൾ പ്ലേറ്റുകളും ഉണ്ടാക്കുന്ന രീതിയാണ് ഇത്. ഇതിനായി ആകെ 1,31,058 രൂപ (809.0010 കി ഗ്രാം @162/Kg (Rate As Per Agreed PAC)) മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിനായി ആകെ ഉപയോഗിച്ച 809.00100 കി.ഗ്രാം ജി. ഐ സ്ക്വയർ ട്യൂബിൽ 302.174 കി. ഗ്രാം ഉപയോഗപ്പെടുത്തിയത് പർലിനുകൾ (Purlin) നിർമ്മിക്കുന്നതിനായാണ്. എന്നാൽ പർലിനുകൾ നിർമ്മിക്കുന്നതിനായി അനുവദിക്കാവുന്ന ഇനം പ്രവൃത്തി സിംഗിൾ സെക്ഷൻ രീതിയാണ് (DSR Item Code.10.1- Steel Work For Purlin/Single Section With G.I Pipes.Etc). ഈയിനം പ്രവൃത്തിയുടെ ((DSR Item Code.10.1) നിരക്ക് പ്രൈസ് 3.0 സോഫ്റ്റ്‌വെയർ പ്രകാരം കി.ഗ്രാമിന് 101.27 രൂപയാണ്. ഈ പ്രവൃത്തിയിൽ കരാറുകാരൻ അംഗീകരിച്ച നിരക്കു പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 97.103 രൂപയാണ് (4.11391% Below). ആയതിനാൽ സിംഗിൾ സെക്ഷൻ രീതിയിലുള്ള പർലിൻ നിർമ്മാണത്തിനും ബിൽറ്റ് അപ്പ് രീതിയിലുള്ള സ്റ്റീൽ വർക്കിന്റെ നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം തുകയനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| എം ബുക്കിലെ ഐറ്റം നം | പർലിൻ (Purlin) വർക്കിന്റെ ആകെ തൂക്കം | അനുവദിച്ച തുക (DSR Item Code.10.16.1) | അർഹമായ തുക (DSR Item Code.10.1) | കൂടുതൽ നൽകിയത് |
|---|---|---|---|---|
| 1.004 (M.G.N: 1-5-2) | 302.174 കി ഗ്രാം | 48952.18 (@162/Kg- Rate As Per Agreed PAC) | 29342.00 (@97.103/Kg- Rate As Per Agreed PAC) | 19,610.18 |

കരാറുകാരന് അധികം നൽകിയ 19,610 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 2/20.11.2024)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വികസന പദ്ധതികളുടെ ഭാഗമായി പോസ്റ്റ് മാറ്റി വക്കലും പുതിയ കണക്ഷൻ എടുക്കലും | 42301398/ 31.03.2024 | 9797 | 0 | 9797 |
| KSEB | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും | 42301398/ 31.03.2024 | 158309 | 0 | 158309 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | | | സാമൂഹിക വനവൽക്കരണം തൈകൾ പരിപാലിച്ചില്ല | കെ.പി.ആർ ആക്ട് 1994 വകുപ്പ് 215(9) പ്രകാരം ബഹു. കോടതി പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിച്ച് ഉത്തരവായിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 1999-2000, 2001-2002 | 27 | 2004-2005 | 8.3.1 | കുടിവെള്ള പദ്ധതി ഉപേക്ഷിച്ചു | |
| 2002-03 | 3.3 | 2002-03 To 2006-07 | 3.53.4 | സ്ട്രീറ്റ് ലൈറ്റ് പണികൾക്കായി 31/03/2003 ന് ചെക്ക് നമ്പർ 587191 പ്രകാരം 245060/- രൂപ അടവാക്കിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. 2022/670. ആയതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| | 3.5 | 2002-03 To 2006-07 | 3.56.1 | കാട വളർത്തൽ പദ്ധതി- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും ജനറൽ വിഭാഗത്തിനുമായി അനുവദിച്ച ഫണ്ട് നഷ്ടപ്പെടുത്തിയത് ഈടാക്കേണ്ടതാണ്. 71000+12% പലിശ | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം. കോടതിയിൽ വ്യവഹാരമുണ്ട്. ഹൈക്കോടതി കേസ് നമ്പർ WP(C) 32044/2019 |
| | 3.11 | 2003-04, 2004-05 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതി - 100 എച്ച് പി | CAR പരിഗണനയിലുള്ള വിഷയം |

| | | | | | |
|---|---|---|---|---|---|
| | | | | മോട്ടോറും പിവിസി പൈപ്പും വാങ്ങിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചത്- തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല | |
| | 3.12 | 2002-03 To 2006-07 | 3.53.2 | വിനിയോഗ വിവരം ഇല്ല - തുക തടസ്സപ്പെടുത്തുന്നു. കന്നുകുട്ടി പരിപാലനം - 262500/- രൂപ തടസ്സപ്പെടുത്തുന്നു. | ധനവിനിയോഗം സംബന്ധിച്ച് SLBP ഡയറക്ടറുടെ കത്ത് ഉള്ളടക്കം ചെയ്യുന്നു. പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 30237523.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38659290.00 |
| ആകെ | 68896813.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25876836.00 |
| നീക്കിയിരിപ്പ് | 43019977.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 19610 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,25,000 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ നിരാകരിച്ച തുക

| ഖണ്ഡിക നമ്പർ | ചെലവ് നഷ്ടം | തടസ്സം | നിർവ്വഹണോദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1-29) | 19610 | | റാഷി പി ആർ, അസി.എഞ്ചിനീയർ |
| 1-30 | | 1,25,000 | ആശാലത പി ഡി, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റാഷി പി. ആർ., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പൊയ്യ പഞ്ചായത്ത് | പുതുക്കാടി വീട്, വെസ്റ്റ് ചാലക്കുടി. |

| | | |
|---|---|---|
| | | ചാലക്കുടി<br>പി. ഒ-680307 |
| ആശാലത പി. ഡി.,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>അതിരപ്പിള്ളി പഞ്ചായത്ത് | കാക്കനാട്ട് വീട്,<br>നന്ത്യാട്ടുകുന്നം,<br>നോർത്ത് പറവൂർ,<br>പി. ഒ -683513 |

## 4-10. തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 | LFT.7-618/2000<br>Dt.28.11.02 | 1 | 29 | CAR |
| 2 | 2002-03 | LFT14-618/06<br>Dt.19.08.06/9.1.07 | 4 | 3-3, 3-5, 3-11, 3-12 | CAR |
| 3 | 2004-05 | LFT14-65/09<br>Dt.21.12.09 | 2 | 3-6, 3-14 | |
| 4 | 2005-06 | LFT14-821/2009<br>Dt.24.7.10 | 3 | 3-6, 3-8,<br>3-13(1), (2) | |
| 5 | 2006-07 | LFT14-822/09<br>Dt.24.7.10/10.11.10 | 4 | 3-7, 3-11(1), (2)<br>3-12, 3-13 | |
| 6 | 2007-08 | LFTP15-690/11<br>Dt.28.9.11/19.10.11 | 1 | 3-8 | |
| 7 | 2008-09 | LFT15-691/11<br>Dt.19.2.11/<br>2.1.12 | 3 | 3-6, 3-8, 3-10 (എ) | |
| 8 | 2009-10<br>2010-11 | LFT.P3-1662/12<br>Dt.11.1.13/6.4.13 | 4 | 3-8, 3-11,<br>3-14, 3-15 | 3-14 CAR |
| 9 | 2011-12 | LFT.P7-1985/13<br>Dt.3.4.14/18.6.14 | 1 | 3-6 | |
| 10 | 2012-13 | LFT.P7-1908/14<br>Dt.10.06.15<br>27.7.15 | 3 | 3-6, 3-10,<br>3-15 | 3-15 CAR |
| 11 | 2013-14 | KSATSR(P7)-221/16<br>Dt.22.2.15/18.03.16 | 2 | 3-1, 3-13 | |
| 12 | 2014-15 | KSATSR(P7)-1278/16<br>Dt.29.7.16 | 6 | 2-4, 3-4, 3-5,<br>3-6, 3-9, 3-12 | |
| 13 | 2015-16 | KSATSR(P7)-75/2017<br>Dt.25.1.17 | 4 | 3-2(എ1) (എ3),<br>(ഡി)(ഇ) (എഫ്)<br>3-7(എ), 3-9,<br>3-19 | |
| 14 | 2016-17 | KSATSR(P7)-1055/17<br>Dt.28.7.17 | 1 | 3-8 | |
| 15 | 2017-18 | KSATSR(P7)-338/19<br>Dt.16.5.19/<br>24.05.19 | 5 | 3-1,3-2,3-5,<br>3-6,3-8 | |
| 16 | 2018-2019 | KSATSR(PT)332/2020<br>DT.16-5-2019 | 21 | 1-9,1-11,1-12,<br>1-13,<br>1-14,1-15,1-16,<br>1-17,1-18,1-19,<br>1-20,1-21,1-22,<br>1-23,1-24,1-26,<br>1-27,1-28,1-29,<br>1-30,1-32 | |

| | | | | | |
|---|---|---|---|---|---|
| 17 | 2019-2020 | KSATSRP1.326/22 DT.17-5-22 | 10 | 1-15,1-16,1-17, 1-18, 1-19,1-20, 1-21,1-22, 2-1,3-1 | |
| 18 | 2020-2021 | KSATSRP1.327/22 DT.23-5-22 | 9 | 1-24,1-25,1-28, 1-29,1-30,1-31, 1-33,1-34,1-36 | |
| 19 | 2021-22 | KSA.TSRP1.281/2023. DT .1.4.2023 | 30 | 1-9 മുതൽ 1-36 വരെയും 3-1 മുതൽ 3-2 വരെയും | |
| 20 | 2022-23 | KSA.TSRP1.1746/2023. DT .05.12.2023 | 33 | 1-1, 1-9 മുതൽ 1-39 വരെയും 3-1 | |
| | | ആകെ | 148 | | |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 3/1 dated 18-06-2024 and submitted on 01-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Athirappilly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Athirappilly Grama Panchayat as on 31-03-2024

**Date: 19/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Athirappilly Grama Panchayat for the Year 2023-2024.

### 1.Major Observations

An amount of Rs 5,95,615 was incorrectly shown as the bank balance as of 31.03.2024 in the Canara Account (No. 1026). This entry is a duplicate of the original account 1703201001026, which had a closing balance of Rs.5,94,495. This erroneous accounting method has adversely affected the financial position of the institution.

### 2.Other Observations

a)Comments relating to Income and Expenditure Account

Source deduction from development fund amounting to Rs 1,81,346 on account of refund of housing loan was wrongly recorded as house construction expenses of individual housing scheme.

b)Comments relating to Balance Sheet

1. The balance of specific purpose grants as per Schedule B-4 does not match the balance of the bank accounts for these funds as per Schedule B-17. Details are provided below

| Liability | Amount | Bank Account | Closing Balance as per the bank account |
|---|---|---|---|
| 320200104- Development Fund- | 97,67,944 | Canara Bank PFMS (1703101011805) | 2,30,21,968 |

| | | | |
|---|---|---|---|
| Central Finance Commission Grant- Basic Tax | | | |
| 320200113- Development Fund- Central Finance Commission Grant- Tied Fund | 1,21,44,209 | | |
| Total | 2,19,12,153 | | |

2.No Provision for doubtful debts were provided.

3. Rs.7,46,800 and Rs 10,973 expended respectively from Beneficiary Contribution collected and from central share of Integrated Child Development Programme Fund were not deducted from the concerned Liability head which lead to discrepancy and also affected financial status of the institution as per the Balance Sheet.

c)Comments relating to Receipt & Payment

Nil

d)Comments relating to Cashflow statement

Net increase/decrease in cash flow (12782454) does not match with difference
between opening balance and closing balance of cash and cash equivalents ((-) 310199736).

e)Comments relating to Ratios

1. Key ratios are not included as part of Annual Financial statement.

f) Comments relating to Notes to accounts

Nil

g)Comments relating to Receipt Vouchers

Nil

h)Comments relating to Payment Vouchers

Nil

i)Comments relating to Journal Vouchers

1. Lapses in making timely and accurate demand entries in respect of property tax revenue from buildings.

2. Authentic certified vouchers and worksheets for the calculation of depreciation are not maintained.

3.Property Tax Advance - Authenticated vouchers or worksheets are not maintained to verify the authenticity of the journal entries in the schedules.

j) Comments relating to Contra Vouchers.

Nil

k)Comments relating to Bank Reconciliation Statement

Nil

l)Comments relating to Demand, Collection and Balance Register

Nil

m)Comments relating to Asset Register

The Asset value shown in Balance sheet is not traceable to Asset Register due to unsupported design
of existing asset register.

n)comments relating to Inventory and other registers

Nil

**DEPUTY DIRECTOR**

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3
# വാർഷികകണക്കുകളുടെ സംക്ഷിപ്തം

**Athirappilly Grama Panchayat**
**BALANCE SHEET**

For the period from 01-April-2023 to 31-March-2024

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -42220198.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5344.00 |
| 312000000 | Reserves | B-3 | 88159760.00 |
| | **Total Reserve & Surplus** | | **91870822.00** |
| | **Grants, Contribution for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 78000160.00 |
| | **Total Grants, Contribution for Specific Purposes** | | **78000160.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1019772.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1790270.70 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **5620485.40** |
| | **TOTAL LIABILITIES** | | **175508400.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2840080.90 |
| 412000000 | Capital Work in Progress | B-11(b) | 1200632.00 |
| 413000000 | Annual Plan - Capital Expenses (Productive Sector) | B11-(c) | 5599058.00 |
| 414000000 | Annual Plan - Capital Expenses (Service Sector) | B11-(d) | 23020040.00 |
| 415000000 | Annual Plan - Capital Expenses (Infrastructure Sector) | B11-(e) | 127228201.00 |
| 411000000 | Accumulated Depreciation | B-11(a) | -122726252.00 |
| | **Total Fixed Assets** | | **78553056.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 796471.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 43020977.00 |
| 460000000 | Loans, Advances and Deposits | B-18 | 1160808.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **89952512.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **175508408.00** |

# Athirappilly Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6612688.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2395080.00 |
| 140000000 | Fee & User Charges | I-4 | 2027692.00 |
| 150000000 | Sale & Hire Charges | I-5 | 179267.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 106716020.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 331598.00 |
| 180000000 | Other Income | I-9 | 1180.00 |
| 190000000 | Prior Period Income | I-19 | 6275.00 |
| | **Total Income** | | **232254016.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 108706601.00 |
| 220000000 | Administrative Expenses | I-11 | 820052.00 |
| 230000000 | Operations & Maintenance | I-12 | 1006702.00 |
| 240000000 | Interest & Finance Charges | I-13 | 19645.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6213541.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 11929600.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4063095.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Divisions | I-14(C) | 10951107.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(D) | 11716400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 12000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-13(A) | 61762095.00 |
| | **Total Expenditure** | | **558672474.00** |
| | **Gross Surplus / Deficit of income over Expenditure** | | **-118315658.00** |
| | **Gross Surplus / Deficit of income over Expenditure** | | **-117456204.00** |
| 290000000 | Transfer to Reserve Funds/Prior Period Items(I-15) | I-14 | -865729.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-859454.00** |

**Athirappilly Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2023 to 31-March-2024

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(c) | 50137080.00 |
| Cash | Cash | RP-40(a) | 58435.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1758310.00 |
| 120000000 | Rental Income from Panchayat Properties | RP-3 | 205500.00 |
| 140000000 | Fees & User Charges | RP-4 | 1601752.00 |
| 150000000 | Sale & Hire Charges | RP-5 | 178257.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 3710200.00 |
| 171000000 | Interest Earned | RP-8 | 553704.00 |
| 290000000 | Prior Period Income | RP-11 | 6275.00 |
| 311000000 | Earmarked Funds | RP-28 | 296.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24407884.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5738702.00 |
| 460000000 | Loans, Advances and Deposits | RP-40 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1160.00 |
| 340000000 | Deposits Received | RP-33 | 134371.00 |
| 350000000 | Other Liabilities | RP-35 | 336055.00 |
| | **Grand total** | | **137793626.00** |
| | **PAYMENTS** | | |
| | **Operating** | | |
| 431000000 | Sundry Debtors (Receivables) | RP-45 | 212023.00 |
| 460000000 | Loans, Advances and Deposits | RP-40 | 151500.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 256083.00 |
| 350000000 | Other Liabilities | RP-35 | 25255520.00 |
| | **Closing Balance** | | |
| Bank | Bank | RP-40(c) | 42057494.00 |
| Cash | Cash | RP-40(a) | 32103.00 |
| | **Grand Total** | | **137793626.00** |



DEPUTY DIRECTOR